(ബി) ഡിപ്ലോമ കോഴ്സ് നിർത്തലാക്കിയിട്ട് 25 വർഷങ്ങൾക്ക് ശേഷവും മെഡിക്കൽ ഓഫീസർ മുതൽ ഡയറക്ടർ വരെയുള്ളവരുടെ അടിസ്ഥാന യോഗ്യത ഡിഗ്രിയായി റൂൾ ഭേദഗതി ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും (1986-87, 1998-2000) സബ്ജക്ട് കമ്മിറ്റി (സോഷ്യൽ സർവ്വീസ് 2000-2001) യുടെയും നിർദ്ദേശങ്ങൾ മാനിച്ചുകൊണ്ട് ഗ്രാജ്വേറ്റ് മെഡിക്കൽ ഓഫീസർമാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണോ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നത് ; ഇല്ലെങ്കിൽ ഇവരെ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആയുർവേദ വകുപ്പിലെ മെഡിക്കൽ ഓഫീസർ മുതൽ ഡയറക്ടർ വരെയുള്ളവരുടെ വിദ്യാഭ്യാസ യോഗ്യത ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന ആയുർവേദ ഡിഗ്രി അഥവാ ഡിപ്ലോമയും തത്തുല്യമായ യോഗ്യതയുമാണ്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടർ എന്നീ തസ്തികകൾക്ക് യഥാക്രമം 5, 7, 10 വർഷങ്ങളിലെ സേവന പരിചയവും ആവശ്യമാണ്.

(ബി) മെഡിക്കൽ ഓഫീസർ തസ്തികയിലെ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാക്കി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി പ്രാരംഭദിശയിലാണ്.

(സി) ഗ്രാജ്വേറ്റ് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ ഓഫീസർമാർക്കും പ്രൊമോഷൻ സാദ്ധ്യതകൾ ഉൾപ്പെടുത്തിയാണ് ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ

120 (3884) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ആയുർവേദ മേഖലയിൽ എത്ര ആയുർവേദ ഡിസ്പെൻസറികളും ആശുപത്രികളുമാണ് നിലവിലുള്ളത് ;

(ബി) മേൽപ്പറഞ്ഞ ആശുപത്രികളിലെല്ലാംകൂടി എത്ര മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളാണുള്ളത് ;

(സി) ജില്ലയിലെ ആയുർവേദ മെഡിക്കലാഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് ;

(ഡി) മേൽ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 5 ആയുർവേദ ആശുപത്രികളും 35 ആയുർവേദ ഡിസ്പെൻസറികളുമാണ് നിലവിലുള്ളത്.

(ബി) 45 മെഡിക്കലാഫീസർമാരുടെ തസ്തികകളാണ് നിലവിലുള്ളത്.

(സി) 30 എണ്ണം.

(ഡി) ജില്ലയിലെ 15 ഒഴിവുകൾ കരാറടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചു നികത്തിയിട്ടുണ്ട്. മെഡക്കലാഫീസർമാരുടെ നിയമനത്തിന് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ടി തസ്തികകളിൽ ഉടൻ തന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പാരമ്പര്യവൈദ്യൻമാരുടെ ക്ഷേമത്തിനായി പദ്ധതി

121 (3885) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യവൈദ്യന്മാരുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പറയുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകൃത യോഗ്യതയും രജിസ്ട്രേഷനുമുള്ള വൈദ്യന്മാർക്ക് പ്രതിമാസ ഗ്രാന്റ് നൽകിവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാൻ നടപടി

122 (3886) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പുതുതായി അനുവദിക്കപ്പെട്ട ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly